Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

30.06.2026

# ജൂബിലിയിൽ ക്രിറ്റിക്കൽ കെയർ ശില്പശാല

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റേയും ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റേയും ഭാഗമായി 'നേഴ്സുമാരുടെ അത്യാഹിത ശുശ്രൂഷാ നൈപുണ്യം പോഷിപ്പിക്കുക' (Enhancing emergency care skills among nursing staffs) - എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ജൂബിലി മിഷൻ അക്കാദമിക് സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിൻ സ്വാഗതം ചെയ്തു. അസി. ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ റിസേർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ്, ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി., നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ എന്നിവർ ആശംസകൾ അറിയിച്ചു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങ് വൈസ് പ്രിൻസിപ്പാൾ സിജി ജോസ് നന്ദി രേഖപ്പെടുത്തി.

ഡോ. പി.സി. രാജീവ്, ഡോ. ഡിയോ മാത്യു, ഡോ. ശ്രീകല രാധാകൃഷ്ണൻ. ഡോ. സി. ജൂഡി എസ്.ഐ.സി., അനുഷ സെൽവിൻ മേരി എന്നിവർ വിവിധ വിഷയങ്ങളും ക്ലാസുകളും പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ഇരുപത്താറോളം സ്ഥാപനങ്ങളിൽ നിന്നായി ഇരുനൂറോളം നേഴ്സിങ്ങ് അധ്യാപകരും നേഴ്സുമാരും നേഴ്സിങ്ങ് വിദ്യാർത്ഥികളും പങ്കെടുത്തു.